<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3519</u> <u>27-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കൃഷി നാശമുണ്ടായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ശല്യം മൂലം സംസ്ഥാനത്തെ മലയോര കർഷകരിൽ വലിയൊരു വിഭാഗം കൃഷി ഉപേക്ഷിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ പ്രതിസന്ധി ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | വന്യമൃഗങ്ങളുടെ ശല്യം മൂലം, സംസ്ഥാനത്തെ മലയോര മേഖലയിലെ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് കൃഷി വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ട്. ഈ പ്രതിസന്ധി ഒഴിവാക്കാൻ കൃഷി വകുപ്പ് താഴെ പറയും പ്രകാരം പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**1) വിള ആരോഗ്യപരിപാലന പദ്ധതി/(പ്ലാൻ) പദ്ധതി**<br><br>സാങ്കേതികവിദ്യാ സഹായത്തോടെ വന്യമൃഗശല്യം തടയുന്നതിന് സൗരോർജ്ജ കമ്പി വേലികൾ, ഹാങ്ങിങ് സോളാർ ഫെൻസിങ് പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ മാർഗ്ഗങ്ങൾ നിർമ്മിക്കുന്നതിനു കർഷക പ്രതിനിധികൾ, ജനപ്രതിനിധികൾ കൃഷി ഉദ്യോഗസ്ഥർ, എന്നിവർ കൂടിയാലോചിച്ചു എസ്റ്റിമേറ്റും പ്രോജെക്ടും തയ്യാറാക്കി പ്രാദേശിക തലത്തിലും ജില്ലാ തലത്തിലുമുള്ള ഒരു വിദഗ്ധ സമിതിയുടെ ശുപാർശയോട് കൂടി സംസ്ഥാന കമ്മറ്റികൾ പരിശോധിച്ച് അംഗീകരിച്ചതിനു ശേഷം തുക അനുവദിച്ചു നൽകുന്നു. സാങ്കേതിക വിദ്യ സഹായത്തോടെ വന്യജീവി ആക്രമണം തടയൽ എന്ന ഘടകത്തിൽ നടപ്പു സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 156.17094 ലക്ഷം രൂപ കൊല്ലം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നീ ജില്ലകൾക്കായി അനുവദിച്ചു.<br><br>**2. രാഷ്ട്രീയ കൃഷി വികാസ് യോജന (മനുഷ്യ വന്യജീവി സംഘർഷം മൂലമുള്ള വിളനാശം നിയന്ത്രിക്കൽ (കേന്ദ്രാവിഷ്കൃത പദ്ധതി)**<br><br>വന്യമൃഗങ്ങൾ കൃഷിയിടത്തിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് അനുയോജ്യമായ സംവിധാനം സ്ഥാപിക്കുക, കൃഷിയിടങ്ങളിൽ നിന്ന് വന്യമൃഗങ്ങളെ അകറ്റി നിർത്തുന്നതിന് ഓരോ പ്രദേശത്തിന് |

| | | | |
|---|---|---|---|
| | | | അനുയോജ്യമായതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമായ സാങ്കേതികവിദ്യ പ്രയോഗിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2023-24മുതൽ രാഷ്ട്രീയ കൃഷി വികാസ് യോജന (മനുഷ്യ വന്യജീവി സംഘർഷം മൂലമുള്ള വിളനാശം നിയന്ത്രിക്കൽ) പദ്ധതി നടപ്പിലാക്കുന്നത്. ഹാങ്ങിങ് സോളാർ ഫെൻസിങ്, ആന കിടങ്ങുകൾ വനം വകുപ്പുമായി ചേർന്ന് സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.<br><br>ഒന്നാം ഘട്ടമായി 2023-24 സാമ്പത്തിക വർഷത്തിൽ 6 ജില്ലകൾക്ക് ഫണ്ട് വിതരണം ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക വനം വന്യജീവി വകുപ്പിനു കൈമാറിയിട്ടുണ്ട്. ആയതു പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | കൃഷിയിടങ്ങളിലെ വന്യജീവി ആക്രമണം ഒഴിവാക്കുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക വകുപ്പിന് അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരം ഇനം തിരിച്ച് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) | Rashtriya Krishi Vikas Yojana Management of crop loss due to Human Wild life conflict in Kerala പ്രകാരം 2023-24 വർഷത്തിൽ 1330.963 ലക്ഷം രൂപ അനുവദിയ്ക്കുകയും, തുക വനം വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ 439.69853 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിള ആരോഗ്യ പരിപാലന (പ്ലാൻ) പദ്ധതി പ്രകാരം അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | മേൽപ്പറഞ്ഞ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും വന്യജീവി ആക്രമണത്തിൽ കൃഷി നാശമുണ്ടായവർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും ഇനിയും നഷ്ടപരിഹാരം വിതരണം ചെയ്യാനുള്ള എത്ര അപേക്ഷകൾ ഉണ്ടെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (സി) | വന്യജീവി ആക്രമണത്തിൽ കൃഷി നാശം ഉണ്ടായവർക്ക് നഷ്ടപരിഹാരമായി കൃഷി വകുപ്പിന്റെ വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിതരണം ചെയ്ത തുക, ഇനിയും നഷ്ട പരിഹാരം വിതരണം ചെയ്യാനുള്ള എണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നം. | ജില്ല | ലഘൂകരണ സംവിധാനങ്ങൾ | റേഞ്ച് | നീളം(km) | അനുവദിച്ച തുക ലക്ഷത്തിൽ |
|---|---|---|---|---|---|
| 1. | കൊല്ലം | ഹാങ്ങിങ് സോളാർ ഫെൻസിങ് ,സോളാർ ഫെൻസിങ്,ആന കിടങ്ങുകൾ | കുളത്തൂപ്പുഴ, തെന്മല,അഞ്ചൽ, ആര്യങ്കാവ്, പുനലൂർ, പത്തനാപുരം | 45.95 | 189.023 |
| 2. | ഇടുക്കി | ഹാങ്ങിങ് സോളാർ ഫെൻസിങ്, | തേക്കടി, വള്ളക്കടവ്, എരുമേലി | 27 | 220 |
| 3. | വയനാട് | ഹാങ്ങിങ് സോളാർ ഫെൻസിങ്, | സൌത്ത് വയനാട്, നോർത്ത് വയനാട്, വയനാട് വന്യജീവി സങ്കേത കേന്ദ്രം | 47.1 | 388 |
| 4. | കണ്ണൂർ | ഹാങ്ങിങ് സോളാർ ഫെൻസിങ്, | അയ്യൻകുന്ന് ജി.പി, ഉളിക്കൽ ജി.പി | 27.1 | 218.94 |
| 5. | കോഴിക്കോട് | ഹാങ്ങിങ് സോളാർ ഫെൻസിങ്, | ചീങ്കണ്ണിപ്പള്ളി, കുരിശുമല, തമ്പുരാൻകൊല്ലി, കല്ലമ്പള്ളി | 15.5 | 125 |
| 6. | കോട്ടയം | ഹാങ്ങിങ് സോളാർ ഫെൻസിങ്,ആന കിടങ്ങുകൾ | കോയിക്കൽകാവ്, മഞ്ഞളരുവി, മാൻപാടി | 30 | 190 |
| **ആകെ** | | | | | **1330.963** |

**2024-25 വർഷത്തിൽ അനുവദിച്ച തുക**

| | | | | | |
|---|---|---|---|---|---|
| 7. | എറണാകുളം | ഹാങ്ങിങ് സോളാർ ഫെൻസിങ് | നേരിയമംഗലം, മുള്ളരിങ്ങാട് തുണ്ടം, കാലടി, കോടനാട് | 36.8 | 220 |
| 8. | തൃശ്ശൂർ | സോളാർ ഫെൻസിങ് | ചാലക്കുടി, വാഴച്ചാൽ, തൃശ്ശൂർ | 84.95 | 219.69853 |

## അനുബന്ധം-2

| സാമ്പത്തിക വർഷം | അനുവദിച്ച തുക (ലക്ഷം) | ചെലവ് (ലക്ഷം) |
|---|---|---|
| 2016-17 | 0 | 0 |
| 2017-18 | 25 | 25 |
| 2018-19 | 25 | 0 |
| 2019-20 | 25 | 0 |
| 2020-21 | 10 | 10 |
| 2021-22 | 30 | 25 |
| 2022-23 | 47 | 18.0145 |
| 2023-24 | 156.17094 | 53 |
| 2024-25 | 100 | 0 |

## അനുബന്ധം-3

| വർഷം | വിതരണം ചെയ്ത തുക (ലക്ഷത്തിൽ) | നഷ്ട പരിഹാരം വിതരണം ചെയ്യാനുള്ള എണ്ണം |
|---|---|---|
| 2016-17 | 0.11440 | 0 |
| 2017-18 | 24.87977 | 0 |
| 2018-19 | 21.42670 | 0 |
| 2019-20 | 28.94645 | 0 |
| 2020-21 | 30.92732 | 0 |
| 2021-22 | 122.25815 | 0 |
| 2022-23 | 122.51127 | 0 |
| 2023-24 | 2.47898 | 1118 |
| 2024-25 | 0 | 81 |
| ആകെ | 278.17572 | 1199 |